# പ്രതികരണങ്ങൾ — 10



പ്രതികരണങ്ങൾ — 10

വായനക്കാർ

(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Summer, a painting by Nikolay Bogdanov-Belsky (1868–1945). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# പ്രതികരണങ്ങൾ

## ജി. ശങ്കരക്കുറുപ്പ്: ഭാഷാ ദീപിക

**മുസ്തഫ കമാൽ മതിലകം:** ഭാഷാ ദീപികയുടെ 10 മുതൽ 15 വരെ ഭാഗങ്ങൾ വായിച്ചു. ആദ്യമായാണിതു് വായിക്കാനായതു്. ഈ ഗ്രൂപ്പിൽ അംഗമാകാനായതിൽ സന്തോഷം തോന്നുന്നു. അഭിമാനവും.

## സി. എസ്. വെങ്കിടേശ്വരൻ: ചായക്കടയിലെ മിശ്രഭോജനം

**ദാമോദർ പ്രസാദ്:** സി. എസ്. വെങ്കിടേശ്വരന്റെ ചായക്കടയുടെ സാംസ്കാരിക ചരിത്രം രാവിലെ മൊബൈലിലേക്കെത്തിയ നവോത്ഥാനമാണ്. മുമ്പ് രണ്ടിൽ കൂടുതൽ തവണ വായിചിട്ടുണ്ട്. വായിക്കുമ്പോൾ ഇപ്പോഴും പുത്തൻ!!

അഷ്റഫ് മുഹമ്മദിന്റെ വര അസ്സലായിരിക്കുന്നു. ചായ ആറ്റുന്ന വരയിലെ movement രസായിട്ടുണ്ട്.

ചായക്കടയുടെ അപരലോകമായിരുന്നു ചാരായക്കട. Arrack എന്നെഴുതിയ ബോർഡ് പുറത്ത് തൂക്കിയിട്ടുണ്ടാകും. ഒരു മറവുണ്ടായിരിക്കും പ്രവേശന കവാടത്തിൽ. ചിലപ്പോൾ അതൊരു തുണി കഷ്ണം മാത്രമായിരിക്കും. ആ പാതാള ലോകത്തിന്റെ അരങ്ങിൽ എജ്ജാതി വേഷങ്ങൾ. അരാജക പന്തിരഹിത ഭുജനത്തിൽ സമൂഹ ക്രമമെന്നല്ല സാമൂഹികമായതെന്തും ചോദ്യം ചെയപ്പെട്ടു.

തികച്ചും പുരുഷ ലോകമായിരുന്നു എങ്കിലും അസാധാരണ കരുത്തുള്ള സ്ത്രീ പാചക വിദഗ്ദരെ അവിടെ വെച്ച് പരിചയപ്പെട്ടിട്ടുണ്ട്.

തൊണ്ണൂറ്റിയഞ്ചിൽ എ കെ ആന്റണി അതാവസനിപ്പിക്കും വരെ അത് മലയാളിയുടെ അനുഭവ ലോകത്തിലെ ഒരു പ്രധാനമിടമായിരുന്നു.

**കെ. സച്ചിദാനന്ദൻ:** അതെ, പാരീസിലെ കഫേകൾ അസ്തിത്വ വാദവും ഫെമിനിസവും ഫൂക്കോയും ചർച്ച ചെയ്യതേയുള്ളൂ, നമ്മുടെ ചായക്കടകൾ സമൂഹ ക്രമം മാറ്റി.

**മനു വി. ദേവദേവൻ:** ഇരുപതാം നൂറ്റാണ്ടിലെ കഫേകളുടെ കാര്യം അറിഞ്ഞുകൂട. പക്ഷെ പതിനേഴാം നൂറ്റാണ്ടിലെ പാരീസിലെ ചായക്കടയുടേത് (അവിടെ കാപ്പിക്കട എന്നാണ് പറയുക) ആധുനിക ഫ്രാൻസിന്റെ ചരിത്രത്തി വലിയ സംഭാവനയാണ്.

**സതീശ് ചന്ദ്രൻ:** 'കണ്ടശ്ശാം കടവിലെ ചാരായ ഷാപ്പ്' എന്നൊരു ലേഖനം തന്നെ '... മുണ്ടശ്ശേരി' എഴുതാൻ ഉദ്ദേശിച്ചിരുന്നതായി 'അയ്യപ്പൻ' പറഞ്ഞു കേട്ടിട്ടുണ്ട്. ഇപ്പോഴത്തെ ബാറുകൾ പഴയ Arrack shop-കൾ തന്നെ. ബോർഡുകൾ മാത്രം മാറി. അതേ ആളുകൾ, അതേ അന്തരീക്ഷം, അതേ വൈവിധ്യം, അതേ സാഹിത്യം, അതേ കല, കൂട്ടത്തിൽ അതേ ആത്മാർത്ഥതയും സത്യസന്ധതയും അടുപ്പവും. കൂടാതെ ഇപ്പോൾ നാടിന്റെ നട്ടെല്ലും.

**കെ. സച്ചിദാനന്ദൻ:** സാർത്രും സിമോങ് ദ് ബുവായും മറ്റ സമകാലീന ഫ്രെഞ്ച് ചിന്തകരും സമ്മേളിക്കാറുള്ള കഫേയിൽ ഞാൻ പോയിട്ടുണ്ട്. കഫേ സംസ്കാരം ഇന്നും പാരീസിൽ സജീവം. നമ്മുടെ ചായക്കട സംസ്കാരം പോയെന്ന തോന്നുന്നു. ഇൻഡ്യൻ കോഫീ ഹൗസുകളിൽ അവശിഷ്ടങ്ങൾ കണ്ടെക്കാം.

**ദാമോദർ പ്രസാദ്:** ബംഗാളി അഡ്ഡ സമാനമാണോ?

**കെ. സച്ചിദാനന്ദൻ:** ഏതാണ്ട്. പലപ്പോഴും ചായക്കു പകരം വിസ്കിയാവും. അതിന് ഒരു എലീറ്റ് സ്വഭാവമുണ്ട് എന്നാണ് സുനിൽ ഗംഗോപാദ്ധ്യായക്കൊപ്പം ചിലപ്പോൾ അഡ്ഡകളിൽ പോകുമ്പോൾ തോന്നിയിട്ടുള്ളത്.

**കേശവൻ വെളുത്താട്ട്:** എമർജൻസിക്കാലത്ത് തച്ച പൊളിച്ച കൊണോട്ട് പ്ലെയ്സിലെ ഇന്ത്യൻ കോഫി ഹൗസ് അങ്ങനെ ഒന്നായിരുന്നു. അതു പൊളിക്കാൻ കാരണവും അതു തന്നെ.

**രാജഗോപാൽ:** അവിടേയുമില്ല. കാപ്പി കുടിച്ച് പോരാമെന്നല്ലാതെ ചർച്ചയും സൗഹൃദവും ഒന്നും സാദ്ധ്യമല്ല

**ദാമോദർ പ്രസാദ്:** The Coffee Houses-Cultural history എന്നൊരു പുസ്തകമുണ്ട്. പോപ്പുലർ ഹിസ്റ്ററിയാണ്. Wall Street-A cultural history പോലെ.

Markman Ellis ആണ് കാപ്പിക്കട ചരിത്രം എഴുതിയിട്ടുണ്ടെങ്കിൽ, സ്റ്റീവ് ഫ്രേസറാണ് വാൾ സ്ട്രീറ്റിന്റെ.

എ ആർ വെങ്കിടചലപതി ദക്ഷിണേന്ത്യൻ കാപ്പികടിയുടെ സാംസ്കാരിക ചരിത്രം എഴുതിയത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ.

പക്ഷേ അടിസ്ഥാനപരമായ വ്യത്യാസം അവരൊക്കെ കാപ്പി കുടിയുടെ കാര്യമാണ് പറയുന്നതെങ്കിൽ നമ്മൾ ചായക്കടയുടെ.

കേരളത്തിലെ ചായ തന്നെ അനേക രൂപത്തിലും ഭാവത്തിലും ഉണ്ടെന്നാണ് പുപുൽ ജയാക്കർ പറഞ്ഞിട്ടുള്ളത്.

എഴുതിയതെങ്കിൽ...

## ടി. ബി. വേണുഗോപാലപ്പണിക്കർ: ഉച്ചാരണശീലം: നിലവാരപ്പെടുത്തലും പ്രശ്നങ്ങളും

**കെ. സച്ചിദാനന്ദൻ:** പ്രയോജനകരമായ ലേഖനം. ഇന്ന് ചാനലുകൾ ഭാഷാവധം ആഘോഷിക്കുമ്പോൾ വിശേഷിച്ച പ്രസക്തം.

**എസ്. ഗോപാലകൃഷ്ണൻ:** സച്ചിമാഷിനോട് പൂർണമായും യോജിക്കുന്നു... തികഞ്ഞ അശ്രദ്ധയാണ് മലയാളം ടി. വി. ചാനലുകൾ ഇക്കാര്യത്തിൽ പുലർത്തുന്നത്. പലപ്പോഴും ചാനൽ മേധാവികളോട് സംസാരിക്കുമ്പോൾ അവർ പറയുന്നത് സ്കൂൾ കാലത്ത് ഭാഷാധ്യാപകർ ചെയ്യേണ്ട തിരുത്തുകൾ മുതിർന്നു കഴിഞ്ഞാൽ പ്രയാസമാണെന്നാണ്. ഏതായാലും വേണുഗോപാലപ്പണിക്കരുടെ ലേഖനം പങ്കുവെച്ചതിൽ പ്രത്യേക നന്ദി സായാഹ്നയ്ക്ക്.

**ദാമോദർ പ്രസാദ്:** ശരിയായിരിക്കും. കൃത്യതയും ശുദ്ധിയും പ്രധാനമാണല്ലൊ. പക്ഷേങ്കില്, സ്ഫുടത സാക്ഷരത കൈവരിച്ചിട്ടില്ലാത്ത ജനവിഭാഗങ്ങൾ ഒന്നും മുണ്ടാതെ ഊമേന്റേ ചേലിക്ക് കുത്തിക്കേണ്ടി വരും.

**എസ്. ഗോപാലകൃഷ്ണൻ:** ഞാൻ പ്രതീക്ഷിച്ചതാണ് ഈ വാദം...

പ്രാദേശിക ഭാഷാഭേദങ്ങളും ഭാഷണ രീതികളും ഏതൊരു ഭാഷയുടേയും അസ്ഥിവാരശക്തിയാണ്. രണ്ട് വിഷയത്തേയും രണ്ടായി തന്നെ കാണണം. ഫലം എന്ന വാക്ക് Faലം എന്ന് പറയുന്നത് നിരക്ഷരത കൊണ്ടല്ല. തിരുത്തിക്കൊടുക്കാത്തതിനാലാണ്. ഈ ഗ്രൂപ്പിൽ ഇതേ കുറിച്ച് ഒരു ചർച്ച തുടങ്ങാൻ ആഗ്രഹമില്ല. ആനുഷംഗികമായി സൂചിപ്പിച്ചു എന്നേയുള്ളു. സ്നേഹം, ദാമോദർ പ്രസാദിന്.

**ദാമോദർ പ്രസാദ്:** അതെ. അതു തന്നെയാണ് ശരി. ചെവിയും നാവും ഒരു സംസ്കാരമാണ് തിരുത്തിക്കൊടുത്ത് ശരിപ്പെടുത്താവുന്നതാണ്!

**കെ. സച്ചിദാനന്ദൻ:** വാർത്താവതരണം കഥയോ കവിതയോ അല്ല. ബഷീർ മുതൽ അശോകൻ മറയൂർ വരെയുള്ളവരുടെ സർഗ്ഗാത്മക വിനിമയത്തെ ബിരുദവും അനന്തരവുമെല്ലാമുള്ള ആങ്കർമാരുടെ വിവരമില്ലായ്മയുമായി താരതമ്യം ചെയ്യരുത്. ഇത് കാറ്റഗറി കൺഫ്യൂഷനാണ്. മാനകഭാഷയും ഭാഷാഭേദങ്ങളും ലോകത്തെ എല്ലാ ഭാഷകൾക്കുമുണ്ട്. പാഠപുസ്തകങ്ങളിലും പൊതുമാദ്ധ്യമങ്ങളിലും സംവേദനത്തിൽ ‘ഒരു പൊതുഭാഷ ആവശ്യമുണ്ട്. സർഗ്ഗസാഹിത്യത്തിൽ വാമൊഴികളെ—ഭാഷയ്ക്കുള്ളിലെ ഭാഷകളെ—പണ്ടേ സ്വാഗതം ചെയ്യുയാളാണു ഞാൻ. പക്ഷേ സാഹിത്യ വിമർശനത്തിനും എല്ലാവരിലുമെത്തേണ്ട മാദ്ധ്യമങ്ങൾക്കും അതു പറ്റില്ല. പാർശ്വവത്കരിക്കപ്പെട്ടവരെ എന്നും പാർശ്വത്തിൽ നിർത്താനാഗ്രഹിക്കുന്നവരുടെ വാദമാണിത്. ദയവായി അംബേദ്കർ കൃതികൾ ഒന്നു മറിച്ചു നോക്കുക.

**ദാമോദർ പ്രസാദ്:** ശരിയാണ്.

ചിലോര്ത് ശരിയാവും. ചിലോര്ത് ശരിയാവൂല്ല!. നമ്ടെ അത് റെഡിയായില്യ.

അംബേദ്ക്കറുടെ ഏതു കൃതിയാണ് മറിച്ചു നോക്കേണ്ടത് എന്നു പറഞ്ഞാൽ വലിയ ഉപകാരമായി. എന്താണ് അദ്ദേഹം ഈക്കാര്യത്തിൽ പറഞ്ഞതെന്നറിഞ്ഞാൽ കൂടുതൽ വ്യക്തത വരുമായിരുന്നു. സംസ്കൃതം ദേശീയ ഭാഷയായി അംഗീകരക്കണമെന്ന് അംബേദ്കർ പറഞ്ഞതായി കേട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ചാണോ പറഞ്ഞതു?

**കെ. സച്ചിദാനന്ദൻ:** അംബേദ്കർ എന്നും ദളിതരുടെ വിദ്യാഭ്യാസത്തിന്-ഇംഗ്ലീഷ് ഉൾപ്പെടെ ഊന്നൽ നൽകി. അങ്ങിനെ മാത്രമേ സവർണ്ണാധികാരം അട്ടിമറിക്കാനാവൂ എന്ന് തിരിച്ചറിഞ്ഞു. സ്വയം വേഷം മുതൽ ഭാഷ വരെ അതു പ്രയോഗിച്ചു കാണിച്ചു. ഇയ്യിടെ എസ്. ജോസഫ് സംസ്കൃത വൃത്തത്തിൽ കവിതയെഴുതിയപ്പോൾ ആക്രമിച്ചവരുടെ മനോനിലയോടു യോജിപ്പില്ല. ദളിതർക്ക് നാടൻ മൊഴിയേ വിധിച്ചിട്ടുള്ളൂ എന്ന പഴയ സവർണ്ണ ഹുങ്കാണത്. നടവഴിയിൽ നിന്നെന്ന പോലെ ഭാഷയിലും ഞങ്ങളുടെ വഴിയിൽ നിന്ന് മാറി നടക്ക് എന്ന നീചമായ വർണ്ണാഹങ്കാരം.

**മധുസൂദനൻ:** ഇന്നുരാവിലെ ഉണർന്നു മുരിങ്ങൂരെ ഗ്രാമത്തിലുള്ള എന്റെ സ്റ്റുഡിയോയിൽ നിന്ന് നടക്കാനിറങ്ങി. വെളിച്ചം കുറവാണ്. നിരത്ത് കൊറോണ ഭീതിമൂലം മഴ കഴിഞ്ഞ വെള്ളിവെളിച്ചം പരന്ന് എകാന്തമായിക്കിടക്കുന്നു. വായിച്ചുകൊണ്ടിരുന്ന പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥയിൽ കാണാവുന്ന ദൃശ്യങ്ങൾ പോലെ വഴിയോരങ്ങൾ. കുറച്ചുകൂടി നടന്നപ്പോൾ ദൂരെ ഒരു കാളയെ കാണാനായി. കാള എന്റെ നേരെ പാഞ്ഞടുക്കുകയാണ്. യമധർമന്റെ തൊപ്പിപോലെ രണ്ടു ചുവന്ന കൊമ്പുകൾ. കാള ഏതാണ്ട് അടുത്തുവന്നപ്പോൾ കേൾക്കാനായി ഇംഗ്ലീഷും മലയാളവും കലർന്ന അതിന്റെ മുക്രയിടൽ. ഞാൻ പകച്ചു അടുത്തു കണ്ട അടയ്ക്കാമരത്തോട്ടത്തിലേക്ക് ഓടിക്കയറി. തിരിച്ചു സ്റ്റുഡിയോയിൽ എത്തി വാർത്തകേൾക്കാനായി ടി. വി. ഓൺ ചെയ്തു. എന്റെ നേരെ പാഞ്ഞു വന്ന കാളയുടെ ഇംഗ്ലീഷും മലയാളവും കലർന്ന മുക്രയിടൽ അവതാരകന്റെ ശബ്ദത്തിൽ. റേഡിയോ ഓൺ ചെയ്തു. കപ്പയിൽ കൊറോണയെ ആധാരമാക്കി കോമഡി ഷോ. അവതാരകന് കാളയുടെ അതേ ശബ്ദം. ഹൃദയം തകർന്നു പിയുടെ വായിച്ചുനിർത്തിയ ഭാഗം വായിക്കാൻ തുടങ്ങി. ‘കിഴക്കൻ കാറ്റ് തൊട്ടു വിളിച്ചു. കരിമ്പന ഉറക്കത്തിലെന്തോ പിറുപിറുത്തു.’

**ദാമോദർ പ്രസാദ്:** ഇത് ദളിതരുടേയും ആദിവാസിയുടേയും മുഖ്യധാരാവല്ക്കരണമെന്ന upliftment തിയറിയുടെ പഴയ വീഞ്ഞായിട്ടാണ് തോന്നുന്നത്. അതായത്, ഞങ്ങളുടെ മാനക ഭാഷയിലേക്കും സംസ്കാരത്തിലേക്ക് പാഞ്ഞ് കയറി വന്നോളിൻ, ഞങ്ങൾ എല്ലാം ശരിയാക്കി തരാമെന്നതൊക്കെ പുതിയ രാഷ്ട്രീയത എപ്പോഴേ തള്ളിക്കളഞ്ഞതാണ്.

നാട്ടു മൊഴി സാഹിത്യത്തിൽ ആകാം. അതിനെ ഫ്രേമിലാക്കി മ്യൂസിയത്തിലാക്കി പ്രദർശിപ്പിക്കുകയും ചെയ്യാം.

പക്ഷേ അത് ജീവനുള്ള ഭാഷയായി മാധ്യമങ്ങളിൽ കേൾക്കാൻ കഴിയുന്നു എന്നുള്ളത് അത്തരം ഭാഷയുടെ ആന്തരിക ഊർജം. അതിനെ ഒരു ഏകീകൃത ഘടനയിലേക്ക് കൊണ്ടുവരേണ്ടതുണ്ടോ?

അലെങ്കിൽ, മന്ത്രിമാരുടെ മുട്ടൻ ചീത്ത വാമൊഴി വഴക്കം എന്ന പേരിൽ മാധ്യമങ്ങളിൽ വിലസുമ്പോൾ അത് സാംസ്കാരിക മഹിമമായി വാഴ്ത്തിപ്പാടുന്നത് നമ്മൾ കേട്ടിട്ടുള്ളതല്ലേ?

മാതൃഭാഷയിൽ പഠനം വേണ്ട ഇംഗ്ലീഷിൽ മതിയെന്നു പറയുന്ന കാഞ്ചാ ഐല്ലയ്യയുടേയും ചന്ദ്രബെൻ പ്രസാദിന്റെയും വാദമുണ്ട്. അതിനു കാരണമായി അവർ പറയുന്നത് ആഗോളവല്ക്കരണത്തിന്റെ ഗുണഫലങ്ങൾ ദളിത് വിഭാഗങ്ങൾക്ക് ലഭിക്കണമെങ്കിൽ ഇംഗ്ലിഷ് ഭാഷയിൽ സ്വാധീനമുണ്ടായിരിക്കണമെന്നുക്കൊണ്ടാണ്. അത് ശരിയുമാണ്.

**കെ. സച്ചിദാനന്ദൻ:** തെറ്റിയുച്ചരിക്കുന്ന ടി. വി.-ആങ്കർമാരെ ന്യായീകരിക്കാൻ ഇത്ര കഷ്ടപ്പെടണോ ദാമോദർ? അതിൽ എത്ര ദളിതരും ആദിവാസികളുമുണ്ട്?

**ദാമോദർ പ്രസാദ്:** ആങ്കർമാർ തെറ്റിയുച്ചരിക്കുന്നു എന്നതാണ് ആകെ സമാധാനം മാഷേ. അവർ ശരിക്ക് ഉച്ചരിക്കുക കൂടി ചെയ്തിരുന്നെങ്കിൽ അവരുടെ ഫ്രഷണൽ ഗർവിൽ സർവ്വതും സ്തംഭിച്ചു നിന്നു പോകേണ്ടി വന്നേനേ.

**സി. സി. ജെ. ജോർജ്ജ്:** ഒരു വാദത്തിനു വേണ്ടി പറയട്ടെ. ഈ ഭാഷയെ ‘തെറ്റി’ ച്ചതു് സംസ്കൃതീകരണം നടത്തിയ കവികളും അവരെ പിന്തുടർന്ന പുസ്തകഭാഷക്കാരുമാണ്...

അവർ തെറ്റിച്ച് സൃഷ്ടിച്ച ഭാഷയ്ക്കകത്തിരുന്നാണ്, അഥവാ, അതിനെ പ്രമാണമാക്കിയാണ് നമ്മൾ ഉച്ചാരണം ‘തെറ്റി തെറ്റി’ എന്ന് അലമുറയിടുന്നത്. അപ്പോഴറിയുന്നില്ല തങ്ങൾ വാദിക്കുന്നത് സംസ്കൃതോച്ചാരണത്തിനു വേണ്ടിയാണെന്ന്! ആര്യഭാഷയായ സംസ്കൃതം കലർന്നാൽ കാതിനിമ്പം. വാമൊഴിയോ മ്ലേച്ഛന്റെ ഇംഗ്ലീഷോ (അതും ഒരു ആര്യഭാഷാ ബന്ധു തന്നെ) കലർന്നാൽ കർണ്ണശൂലം.

തെറ്റുതിരുത്തലിനെ തിരുത്തുന്ന, വേണുഗോപാലപ്പണിക്കരുടെ ലേഖനത്തിന് തല കുലുക്കുന്നവർ തന്നെയാണ് ഇങ്ങനെ തെറ്റുതിരുത്തൽ പ്രസ്ഥാനം നയിക്കുന്നത്! കഷ്ടം തന്നെ. പാവം ആങ്കർമാർ. അവരെന്തു പിഴച്ചു. അവർ അവരുടെ വീട്ടിലും കൂട്ടുകാരുടെ ഇടയിലും നിന്നു സംസാരിക്കുന്ന, മഴ കൊള്ളുന്ന വെയിൽ കൊള്ളുന്ന മഞ്ഞുകൊള്ളുന്ന ഭാഷയിൽ സംസാരിക്കുന്നു. അതവരുടെ മാതൃഭാഷയാണ്. അത്ര തന്നെ. (അതിനവരെ മൊട്ടയടിക്കണോ?)

പഴയ ആകാശവാണി കേട്ടുശീലിച്ച നമ്മുടെ കാതുകൾ മതിയാകുമോ നാളെയുടെ പാട്ടുകൾ കേൾക്കാൻ (സഹിക്കാൻ!) എന്ന് ആലോചിക്കേണ്ടി വരും... വരില്ലേ?

(നിലവാരഭാഷ വേണ്ടെന്നോ ഇല്ലെന്നോ ഉറച്ചല്ല ഇതെഴുതുന്നത്. അദൃശ്യമായ ചില യാഥാസ്ഥിതിക കമിറ്റ്മെന്റുകളുണ്ട് ‘തെറ്റി, തെറ്റി’ നിലവിളികളിൽ എന്ന തോന്നൽ പ്രകടിപ്പിക്കുക മാത്രം. നിലവാരഭാഷയിൽ എഴുതപ്പെട്ട ഒരു രചന തോന്നിയ പടി ഉച്ചരിക്കുന്നതും (അതായിരുന്നു മുമ്പൊരിക്കൽ ചുള്ളിക്കാട് ശരിയായി ഉന്നയിച്ചതു്) വാമൊഴിഭേദങ്ങളിലെ രൂപങ്ങൾ അതിന്റെ രീതി വിട്ടു ഉച്ചരിക്കുന്നതും തെറ്റാണെന്നു പറയുന്നത് മനസ്സിലാക്കാൻ പറ്റും. വാമൊഴി തെറ്റിച്ചാലും അടിയുണ്ട്, കയിലുകൊണ്ടുള്ള അടി.

ഇവിടെ ന്യൂജെൻ ടി.വി.-ആങ്കർ മലയാളഭേദത്തെ കശക്കുന്നതിലല്ലേ കാറ്റഗറി കൺഫ്യൂഷൻ എന്ന് ആലോചിക്കേണ്ടതുണ്ടെന്നു തോന്നുന്നു. (യതു് ആകാശവാണിവാർത്തയല്ലേയല്ല.)

നോവലിലെ വാമൊഴിയെ തിരുത്താൻ പുറപ്പെട്ട കാവ്യഭാഷാശീലക്കാർക്ക് മുമ്പുണ്ടായ കൺഫ്യൂഷനല്ലേ ഇവിടെ മറ്റൊരു മട്ടിൽ ആവർത്തിക്കുന്നത് എന്നും ചിന്തിക്കാവുന്നതാണ്.

**സതീശ് ചന്ദ്രൻ:** ‘ദളിത്’ എന്നതു് മറാഠി പദമാണെന്നും ജ്യോതി റാവു ഫുലേ അതു്, അടിച്ചമർത്തപ്പെട്ടവൻ/ ർ എന്ന ധ്വനി വളർത്താനായി നിരന്തരം ഉപയോഗിച്ചു പ്രസിദ്ധമാക്കിയെന്നും ഈ വാക്കിന്റെ അർത്ഥം ‘പൊട്ടിച്ചതു്’, ‘തകർത്തതു്’, ‘നിലത്തേക്ക് അമർത്തിയതു്’ എന്നെല്ലാമാണെന്നും പറഞ്ഞു കേട്ടിട്ടുണ്ട്. ഈ ഗ്രൂപ്പിലെ പല ഭാഷാ പണ്ഡിതരും ദളിതർ/ ൻ എന്നെല്ലാം പ്രയോഗിച്ചു കാണുന്നു. ദളിത്/ ദളിതൻ/ ദളിതർ ഈ പ്രയോഗങ്ങൾ വന്ന വഴി പറഞ്ഞു തരാൻ അപേക്ഷ.

സംശയം ഉന്നയിച്ച ആൾ—10-ാം ക്ലാസ്സ് പരീക്ഷയിൽ, മലയാളത്തിൽ (സ്കൂളിൽ) ഏറ്റവും കൂടുതൽ മാർക്കു ലഭിച്ച സതീശ് ചന്ദ്രൻ

**കേശവൻ വെളുത്താട്ട്:** സംസ്കൃതത്തിലെ പിളരുക എന്ന് അർത്ഥം വരുന്ന ദല് എന്ന ധാതുവിനോട് (दल्–विदारणे) ക്ത എന്ന പ്രത്യയം ചേർത്തുണ്ടാക്കിയ കൃത്ത് ആണ് ദലിതഃ എന്നത്. അർത്ഥം കൊണ്ട് അടിച്ചമർത്തപ്പെട്ടവൻ.

**ആനന്ദീ രാമചന്ദ്രൻ:** ചായക്കടയെ പറ്റി പറയുമ്പോൾ ഞാനോർക്കുന്നത് ഞങ്ങളുടെ കവലയിൽ ഉണ്ടായിരുന്ന ചായക്കടയെക്കുറിച്ചാണ്, ഇത് ഒരു നാട്ടിൻ പുറമാണ്, നെടുമങ്ങാട് താലൂക്കിലെ തന്നിമൂട്. ഞാൻ പറയുന്നത് 1945-നും 50-തിനും ഇടയ്ക്കുള്ള അവസ്ഥയാണ്. ആ ചായക്കടയിൽ താഴ്ന്ന ജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല. ചുരത്തിലെ ഒരു ചെറിയ ജനാലയുണ്ട്, അവിടെ ഒരു ചെമ്പ് കോപ്പ വച്ചിട്ടുണ്ടാവും. പുലയർക്കും പറയർക്കും അതിലാണ് ചായ ഒഴിച്ച് കൊടുക്കുന്നതു്, പലഹാരം ഇലയിലും. കഴിച്ച് കഴിഞ്ഞാൽ ഇല പറമ്പിൽ കളഞ്ഞിട്ട്, ചെമ്പ് കോപ്പ ആ ജനാലയിൽ അവർ കഴുകി വയ്ക്കും. അതിനൊക്കെ ഒരു മാറ്റം വന്നത് ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയോടെയാണ് (ഇന്നത്തെപോലെ സത്ത നശിച്ച കമ്മ്യൂണിസ്റ്റുകാരായിരുന്നില്ല അന്നുണ്ടായിരുന്നതു്). അന്നത്തെ നവോത്ഥാനത്തിനു വലിയ ഒരു പങ്ക് അവർ വഹിച്ചിട്ടുണ്ട്.

**മനു വി. ദേവദേവൻ:** ദലിത എന്ന സംസ്കൃത വാക്ക് അടിച്ചമർത്തപ്പെട്ട എന്ന അർത്ഥത്തിലാണ് പ്രയോഗിക്കാറ്. ഉദാഹരണത്തിനു ‘ദലിത ഹിരണ്യകശിപു തനുഭൃംഗം’ എന്ന ഗീതഗോവിന്ദത്തിലെ വരി. പക്ഷെ അംബേദ്ക്കറുടെ ദലിത് എന്ന പ്രയോഗം പാലിയിൽ നിന്നാണ് വരുന്നത്. അധഃകൃതർ എന്നാണ് അവിടെ അതിനർത്ഥം. ദരിദ്ര എന്ന സംസ്കൃത വാക്കിന്റെ പാലി രൂപം ദലിത്ത.

## നിസാർ അഹമ്മദ്: ബുദ്ധിജീവികൾക്ക് എന്തു സംഭവിച്ചു

**കെ. വി. രജീഷ്:** നിസാർ അഹമ്മദ് വിഷയത്തെ തെളിമയോടെ വരച്ചു വയ്ക്കുന്നത് അനുവാചകന് (സാമൂഹിക) കാഴ്ചയെ സ്ഥടം ചെയ്യാനെന്ന പോലെയാണ്. സമൂഹവ്യാപാരങ്ങളെ ഒരല്പം കൂടി ആഴത്തിൽ കാണാൻ സഹായിക്കുന്നത്.

സർവ്വാധിപത്യവും സാങ്കേതികതയും ഇന്ന് വെവ്വേറെയല്ല നിൽക്കുന്നത്. സർവ്വാധിപത്യത്തിന്റെ ഏറ്റവും ശക്തമായ ഉപകരണമാണ് ഇന്ന് സാങ്കേതികത. അഗോചരമായ മർദ്ദനോപകരണം (മർദ്ദനം ശാരീരികം മാത്രമാണെന്ന് തെറ്റിദ്ധരിച്ചു പോകരുത്). സാങ്കേതികവിദ്യയുടെ നൈതികതയെക്കുറിച്ച് ഏറ്റവും ചുരുങ്ങിയത് മൻഹാറ്റൻ പ്രൊജക്റ്റ്[1] മുതലെങ്കിലും സംവാദങ്ങളുണ്ടായിട്ടുണ്ട്.

കഴിഞ്ഞ അൻപതു വർഷങ്ങൾക്കിടയിൽ അസാധാരണമാം വിധം വികസിച്ച ഒരു ശാസ്ത്രമേഖലയാണ് കംപ്യൂട്ടർ സാങ്കേതികത. സമകാലീന സമൂഹത്തിൽ ഏറ്റവു വ്യാപിച്ചു നില്ക്കുന്നതും സ്വാധീനം ചെലുത്തുന്നതുമായ ഒന്ന്. കഴിഞ്ഞ ചുരുക്കം ചില വർഷങ്ങൾക്കിടയിലാണ് കംപ്യൂട്ടിങ് (ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, പ്രോഗ്രാമിങ്) രംഗത്തെ അക്കാദമിക്കുകളും തൊഴിലാളികളും തങ്ങൾ കണ്ടുപിടിക്കുന്നതും നിർമ്മിക്കുന്നതുമായ സാങ്കേതികതയുടെ പ്രയോഗത്തിലെ നൈതികതയെക്കുറിച്ച് വലിയ തോതിൽ അവബോധമുള്ളവരാകുകയും; അവരവരുടെ സാമൂഹിക, സാമ്പത്തിക, ജോലി സുരക്ഷയെ അപകടത്തിലാക്കുമെന്നറിഞ്ഞിട്ടും ശക്തമായ നിലപാടുകളെടുക്കുകയും ചെയ്തത്. സർവ്വാധിപത്യത്തിനും സർവൈലൻസിനും സാങ്കേതികവിദ്യ എത്രമാത്രം സർവ്വവ്യാപിയായും അഗോചരമായും ഉപയോഗപ്പെടുത്തുന്നു എന്നുള്ളത് ഇലക്ട്രോണിക് ഫ്രണ്ടിയർ ഫൗണ്ടേഷനും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൗണ്ടേഷനും മറ്റും വർഷങ്ങളായി നല്കിയിരുന്ന മുന്നറിയിപ്പുകൾ എത്രമാത്രം ശരിയായിരുന്നു എന്നു പൊതുജനം മനസ്സിലാക്കുന്നത് എഡ്വേഡ് സ്നോഡന്റെ ധീരമായ വെളിപ്പെടുത്തലുകളോടെയാണ്.[2]

സമീപഭൂതകാലത്ത്, കംപ്യൂട്ടർ സംബന്ധിയായ സാങ്കേതികവിദ്യാ നിർമ്മാണത്തിൽ ഏർപ്പെട്ടവർ അത്തരം സാങ്കേതികവിദ്യ സാമൂഹ്യതിന്മകൾക്കായി ഉപയോഗിക്കാൻ പോകുന്നുവെന്നോ അതിനുള്ള സാദ്ധ്യതയുണ്ടെന്നോ മനസ്സിലാക്കി; അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെയും അതിന്റെ നേതൃത്വനിരയുടെയും നിലപാടുകൾക്കും തീരുമാനങ്ങൾക്കുമെതിരെ ശബ്ദിച്ച് അത്തരം പ്രൊജക്റ്റുകൾ ഉപേക്ഷിക്കുകയോ താല്ക്കാലികമായെങ്കിലും നിർത്തിവയ്ക്കുകയോ ചെയ്യിക്കാൻ സാധിച്ചിട്ടുമുണ്ട്. ചുരുക്കം ചില ഉദാഹരണങ്ങളെടുത്താൽ, അമേരിക്കൻ സർക്കാരിനു വേണ്ടിയുള്ള ഗൂഗിളിന്റെ മിലിറ്ററി ഡ്രോൺ പദ്ധതിക്കെതിരെ ജീവനക്കാരും തൊഴിലാളികളും തുറന്ന കത്തെഴുതുകയും ആ പദ്ധതിയിൽ നിന്ന് പിന്മാറാനും നിർമ്മിത-ബുദ്ധി പദ്ധതികൾക്കായി ഒരു നൈതികപ്രമാണം പുറത്തിറക്കാനും നേതൃത്വത്തെ നിർബ്ബന്ധിതരാക്കി.[3] ‘കറുത്തവരുടെ ജീവനും പ്രധാനമാണ്’ എന്ന പ്രതിഷേധം നിമിത്തം മുഖത്തിന്റെ ചിത്രങ്ങളിൽ നിന്ന് ആളുകളെ തിരിച്ചറിയുന്ന പദ്ധതികളും ഉപകരണങ്ങളും നിർമ്മിക്കുന്നത് ഐബിഎം ഉപേക്ഷിച്ചു,[4] സമാന സാങ്കേതികത പൊലീസ് ഉപയോഗിക്കുന്നത് ഒരു വർഷത്തേക്ക് ആമസൺ നിർത്തി വച്ചു.[5] താൻ എഴുതുന്ന പ്രോഗ്രാമുകളുടെ ആത്യന്തിക ഉപയോഗമോ സാമൂഹികാഘാതമോ ഒരു പ്രോഗ്രാമർ അറിഞ്ഞിരിക്കണമെന്നില്ല (മിക്ക ശാസ്ത്രസാങ്കേതികവിദ്യയുടെയും അവസ്ഥ അതുതന്നെയാണ്); പക്ഷേ അതറിയാൻ ശ്രമിക്കുന്നതാണ് സാമൂഹികപ്രതിബദ്ധത.[6] പ്രത്യേകിച്ചും നിർമ്മിതബുദ്ധി ഉപയോഗിച്ചുള്ള ചിത്രം വഴി ആൾക്കാരെ തിരിച്ചറിയുന്ന (facial recognition using artificial intelligence) ഗവേഷണങ്ങളിലും അൽഗരിതങ്ങളിലുമുള്ള വംശീയചായ്‌വ് പഠനവിധേയവും വിമർശനവിധേയവും ആയിട്ടുണ്ട്.[7]

കംപ്യൂട്ടർ ശാസ്ത്രജ്ഞരുടെയും അദ്ധ്യാപകരുടെയും പ്രഫഷനലുകളുടെയും സംഘടനയായ അസോസിയേഷൻ ഓഫ് കംപ്യൂട്ടിങ് മെഷിനറി (ACM) ഒരു നൈതികസംഹിതയും തൊഴിൽപരമായ പെരുമാറ്റച്ചട്ടവും നിഷ്കർഷിച്ചിട്ടുണ്ട്.[8] ഒട്ടു മിക്ക സ്വതന്ത്ര സോഫ്റ്റ്‌വെയർ പദ്ധതികളും അത്തരമൊരു പെരുമാറ്റച്ചട്ടം പിന്തുടരുന്നുണ്ട്. മിക്ക വ്യവസായസ്ഥാപനങ്ങൾക്കും കമ്പനികൾക്കും പൊതുവേ ഒരു നൈതികപെരുമാറ്റച്ചട്ടം ഉള്ളതാണ്.

ഇതിനോടൊക്കെ മുഖം തിരിച്ചുനില്ക്കുകയും ചെവി കൊടുക്കാതിരിക്കുകയും ചെയ്യുന്ന, ‘സർവൈലൻസ് കാപിറ്റലിസം’ വാണിജ്യമാതൃകയാക്കിയ കമ്പനികളും ഉപകരണങ്ങളും സേവനങ്ങളും ധാരാളമുണ്ട്, ഫേസ്ബുക്ക് പോലെയുള്ള പ്രമുഖരടക്കം. സാങ്കേതികമായി ഇവയ്ക്കെതിരെയുള്ള പ്രതിരോധം; പഠിക്കുവാനും മാറ്റം വരുത്തുവാനും സാധിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുക, വികേന്ദ്രീകൃതമായ ഇന്റർനെറ്റ് സേവനങ്ങൾ (ഉദാ: റ്റ്വിറ്ററിനു പകരം മാസ്റ്റഡൺ, വാട്സാപ്പിനു പകരം മാട്രിക്സ്,...) ഉപയോഗിക്കുക, തുറന്ന ഇലക്ട്രോണിക് കമ്യൂണിക്കേഷൻ പ്രോട്ടോകോൾ പാലിക്കുന്ന സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുക, സ്വതന്ത്ര സോഫ്റ്റ്‌വെയർ സംരംഭങ്ങൾക്ക് സാങ്കേതികമായും സ്ഥാപനപരമായും സാമ്പത്തികമായും സഹായം നല്കുക, എല്ലാറ്റിലുമുപരി ഒരുപരിധിവരെയെങ്കിലും അവബോധമുള്ളവരാകുക, ജാഗരൂകരാകുക എന്നതാണ്.

സംസ്കാരത്തെയും സമൂഹത്തെയും ആകമാനം അന്തർലീനമായി വ്യാപിച്ചു നില്ക്കുന്ന സാങ്കേതികത അവയുടെ ദിശയെ സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതിലുള്ള നൈതികദൗർബ്ബല്യം ഇതരമേഖലകളിലേതിനേക്കാൾ ആഴത്തിലും ത്ധടുതിയിലും ജീവിതങ്ങളെ സ്വാധീനിക്കുകയും മാറ്റിമറിക്കുകയും ചെയ്യും, ഒരുപക്ഷേ പ്രതിരോധിക്കാൻ സാധിക്കുന്നതിനും മുൻപേ.

---

1. https://en.wikipedia.org/wiki/Manhattan_Project.
2. https://edwardsnowden.com/revelations/.
3. https://blog.google/topics/ai/ai-principles/.
4. https://www.ibm.com/blogs/policy/facial-recognition-sunset-racial-justice-reforms/.
5. https://blog.aboutamazon.com/policy/we-are-implementing-a-one-year-moratorium-on-police-use-of-rekognition.
6. https://www.freecodecamp.org/news/the-code-im-still-ashamed-of-e4c021dff55e/.
7. https://en.wikipedia.org/wiki/Algorithmic_bias, https://www.educative.io/blog/racial-bias-machine-learning-algorithms.
8. https://ethics.acm.org/.

**നന്ദിനി മേനോൻ:** നിസാർ അഹമ്മദ്, നീണ്ട വായനയായിരുന്നു. തുടക്കത്തിൽ ഭാഷ ഒരല്പം ഖരമായിരുന്നെങ്കിലും പിന്നീട് ഉരുകി തെളിഞ്ഞു വന്നു. സർവാധിപത്യം സാങ്കേതിക വിദ്യയെ കൂട്ടു പിടിക്കുന്നു, സാങ്കേതികവിദ്യ സർവാധിപത്യത്തെ നിർവചിക്കുന്നു, ഒരു ഇണ്ടലും കൂടാതെ തന്നെ രണ്ടിനേയും ഒന്നായി കാണാം.

‘പഴയ’ ബുദ്ധിജീവി സ്വന്തം ജീവിത കാലത്തിനോട് എന്നും കലഹിച്ചു കൊണ്ടേയിരുന്നിരുന്നു. പ്രായോഗികമതിയായ പുതിയ ബുദ്ധിജീവി കഴിഞ്ഞു പോയ കാലത്തെ കുത്തി കിളച്ച് പൊക്കിയെടുത്ത് വീണ്ടും വീണ്ടും ഊക്കിൽ ചവിട്ടിത്താഴ്ത്തുന്നു, കുത്തിയിളക്കിയ മണ്ണായതിനാൽ കാലിനു പരിക്കുമേല്ക്കുന്നില്ല.

## നാരായണ ഭട്ടതിരി: മലയാള കലിഗ്രഫി

**അഷ്റഫ്:** ഭട്ടതിരിയുടെ കാലിഗ്രഫി: ഭംഗിക്ക് ഇതിൽ പരം ചേതോഹരമായ പര്യായങ്ങൾ വിരളം!!

**താരാ കെ ജി:** ശ്രീ നാരായണ ഭട്ടതിരി എന്നും അത്ഭുതപ്പെടുത്തിയിട്ടേ ഉള്ളൂ. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ചില ബോധവൽക്കരണ ബ്രോഷറുകൾ തയ്യാറാക്കാനായിട്ടാണ് ആദ്യം പരിചയപ്പെടുന്നത്. ഉള്ളടക്കത്തേക്കാൾ മികച്ച ലേ ഔട്ടിലൂടെയും, ചിത്രങ്ങളിലൂടെയും അന്നും അത്ഭുതപ്പെടുത്തി. ഇന്ന്, 'അ'യിൽ പെരുങ്കടൽ കണ്ടു. 'ഈ'യിൽ, പെറ്റു കിടക്കുന്ന ഈറ്റപ്പുലിയേയും. നന്ദി!

## അനിത തമ്പി: മിറാൻഡ മിറാൻഡ മിറാൻഡ

**ഒ. പി. സുരേഷ്:** അനിത തമ്പി എന്നെ വീണ്ടുമൊരു കുട്ടിയാക്കി. ‘കുട്ടിക്കഥ’കളുടെ പതിവ് ചപ്പടാച്ചികൾ തൊട്ടു കൂട്ടാതെയുള്ള കഥപറച്ചിൽ. ‘വെള്ളം കിടന്നുറങ്ങുന്ന കിണറും’ വെയില് കൊള്ളുന്ന കുളവും പോലെ ആഴമൊളിപ്പിച്ച മനോഹാരിത. ആ ഒമ്പതുകാരി മിടുക്കത്തി ബാക്കി പറയുന്നതും കാത്ത് ആകാംക്ഷയോടെയിരിക്കുന്നു.

**വേണു എടക്കഴിയൂർ:** കവികൾ കഥകളെഴുതാൻ തുടങ്ങിയാൽ കഥാകാരന്മാരായി നടിക്കുന്നവർ നാടുവിടേണ്ടിവരും!

**അഷ്റഫ്:** മിറാൻഡ കഥയിലെ അഭിജിത്തിന്റെ വരകൾക്ക് കഥയോളം ലാളിത്യം സാധ്യമായിരിക്കുന്നു.

**ലിസി മാത്യു:** മിറാൻഡ പ്രകൃതിയോടു ചേർന്നു നിൽക്കുന്ന കുട്ടിത്തത്തിന്റെ പര്യായമാണ്. ആകാശത്തിലെ കുരുവി മിറാൻഡയും വെള്ളത്തിലെ മീൻ മിറാൻഡയും മണ്ണിലെ കുഞ്ഞുമിറാൻഡയും സമ്മേളിക്കുമ്പോൾ വായനക്കാർ കൗതുകത്തിന്റെ പൂമ്പാറ്റച്ചിറകിൽ ഊഞ്ഞാലാടുന്നു. കഥാവസാനത്തിലെ വണ്ടി കയറൽ ബാല്യകാലത്തെ പ്രകൃതി അനുഭവങ്ങളിൽ നിന്നുള്ള വിടുതലാണ്. അതാണ് പിന്നീട് തിരിഞ്ഞു നോക്കുമ്പോൾ ഗൃഹാതുരതയുടെ രൂപത്തിൽ മനുഷ്യനെ അലട്ടി നോവിക്കുന്നത്. കഥാവസാനം പറയുന്നതുപോലെ ഈ കഥ ഇനി തുടരേണ്ടതില്ല. പൂമരം ചുറ്റിവരുന്ന ആ ഇളങ്കാറ്റുണ്ടല്ലോ. അതിൽ പറക്കാത്ത ബാല്യമുണ്ടോ? മുടിഞ്ഞ കാലത്തിന്റെ മുറിവുകൾ മാറ്റാൻ ഇത്തരം ഓർമ്മപ്പെടുത്തലുകൾ തന്നെയാണ് വേണ്ടത്. അനിത തമ്പി മുറ്റമടിച്ച കുരുങ്ങാതെ, ആലപ്പുഴവെള്ളത്തിന്റെ മുകളിൽ കടന്ന് പെൺചിറകിന്റെ പ്രകൃതിപാഠങ്ങൾ ഇനിയും പറത്തുക.

**താരാ കെ ജി:** വെള്ളം കിടന്നുറങ്ങുന്ന കിണറുകളും, അത്ഭുതങ്ങൾ ഒളിപ്പിച്ച ഇടവഴിയും, കാറ്റത്ത് പറക്കാൻ കൊതിക്കുന്ന ഉടുപ്പുകളും, മിറാൻഡയും, നല്ലൊരു ആനിമേഷൻ ചിത്രത്തിന്റെ ചാരുതയോടെ കണ്ണിൽ നിറഞ്ഞു. നിഴലുകൾ കൊണ്ട് ചായം മായ്ച്ചുകളയുന്ന വിദ്യയും സ്വായത്തമാക്കി. ആഗ്രഹിച്ചു പോകുന്നു; മിറാൻഡയെ തിരികെ കൂട്ടിക്കൊണ്ടുപോകാൻ വന്ന ഇടവഴി ഇനിയും കാത്തു നിൽക്കട്ടെ. മിറാൻഡ കളിച്ചു തിമിർക്കട്ടെ. മിറാൻഡ മീനും, മിറാൻഡ കിളിമരവും സൂര്യൻ അസ്തമിക്കാത്തിടത്തോളം കാലം അങ്ങിനെ നിലകൊള്ളട്ടേ!

Freeze the frame! അനിതാ തമ്പിയ്ക്ക്, സായാഹ്നയ്ക്ക് നന്ദി!

**സെന്തിൽ :** മിറാൻഡക്കുട്ടി തന്നെ വന്ന് പൂർത്തീകരിക്കേണ്ട കഥ എത്ര ഒഴുക്കോടെയും വശ്യമായും അനിത പറഞ്ഞുപോയിരിക്കുന്നു. കുട്ടികൾക്ക് വേണ്ടി എഴുതുമ്പോൾ ഭാവന അതിന്റെ വർണ്ണരാജിയാകെ വിടർത്തി നിൽക്കണം. ശൈലി നിർമ്മലമാകണം. Antoine Saint-Exupery-യുടെ “ദ ലിറ്റിൽ പ്രിൻസ്” ഓർത്തുപോവുന്നു. അനിതയുടെ കഥയിലാകെ അഴക് ഇറ്റിറ്റ് വീഴുന്നു.

**സന്തോഷ് കുമാർ സി:** ഒൻപതു വയസ്സുകാരിയുടെ അച്ഛൻ ആദ്യം ‘മിറാൻഡ’ വായിച്ചു. പിന്നെ ഒൻപതു വയസ്സുകാരിക്ക് വായിക്കാൻ കൊടുത്തു.

ഒൻപതു വയസ്സുകാരി ഒന്നല്ല രണ്ടു തവണ വായിച്ചു.

ഉറങ്ങാൻ കിടക്കുമ്പോൾ അച്ഛൻ സ്വന്തം ശബ്ദത്തിൽ വായിച്ചു തരണമെന്ന് ചട്ടം കെട്ടുകയും ചെയ്തു.

നാളെ ഒൻപതു വയസ്സുകാരിയുടെ പതിവു മലയാളം പകർത്തിയെഴുത്തും ഇക്കഥ തന്നെയാണ്.

നന്ദി, അനിത തമ്പി.

**നന്ദിനി മേനോൻ:** ഇടവഴികൾ കാത്തു നിൽക്കട്ടെ, ഊഞ്ഞാലാടാൻ ഒരു പൂമരക്കൊമ്പു കിട്ടിയ ബാല്യത്തിന്റെ ഭാഗ്യം...! അവൾ കഥയുടെ ബാക്കി പറയാൻ വരും, അപ്പഴത്തേക്കും വെയില് കൊണ്ടു കൊണ്ട് അവളുടെ പച്ചനിറം തേമ്പിയിട്ടുണ്ടാവും മുടിയിലെ മുൾക്കാടുകൾക്കിടയിലൊരു മഞ്ഞപ്പാറ്റ കുരുങ്ങിക്കിടപ്പുണ്ടാവും... പക്ഷെ ഉയരത്തിലൊരു കൊമ്പ് പൂക്കൾ പൊഴിച്ച് താളത്തിലാടുന്നുണ്ടാവും തീർച്ച...

**ആഷ്‌ലി മേരീ ബേബി:** മിറാൻഡ ഒരത്ഭുത കുട്ടിയാണ്. അവളുടെ പ്രായം കാണലിന്റെയും കേൾക്കലിന്റെയും രുചിക്കലിന്റെയും ആവേശമുറ്റത്. പച്ചയും മഞ്ഞയും ചുവപ്പും വെയിലിൽ തിമിർക്കുന്നു. രസിച്ചു വായിച്ചു. ചിത്രങ്ങൾ കഥപോലെ മിനുത്തതും.

**റാണി ജോസഫ്:** മിറാൻഡയെ ഹൃദയത്തിൽ തൊട്ടു വായിച്ചു. വളരെ നന്നായിരിക്കുന്നു. പണ്ട് ഞാനും ഒരു മിറാൻഡ ആയിരുന്നു. മഴപ്പച്ചയും കുണ്ടും ഓന്തും മുക്കുറ്റി നിറഞ്ഞ ഇടവഴിയും പാറക്കെട്ടിലെ തവളക്കുഞ്ഞുമെല്ലാം എന്റെയും ലോകത്തുണ്ടായിരുന്നു. നന്ദി.

**ടോണി:** സായാഹ്നയിലെ കടിച്ചാൽ പൊട്ടാത്ത വിഷയങ്ങൾക്ക് പ്രതികരണം കുറവായിരുന്നു. പക്ഷെ, മിറാൻഡ മറ്റൊരു ലെവലാണ്. ഇഷ്ടമായി. ഇനിയും ഇതുപോലുള്ള കഥകൾ വേണം. ജീവനുള്ള കഥയ്ക്ക് ജീവനുള്ള ചിത്രങ്ങൾ.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സി. വി. ആർ., ലിസി മാത്യു, അശോക്:** ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി മലയാളപഠിതാക്കൾക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ബൃഹത്തായ ആ ഗ്രന്ഥം വിപണിയിൽ ലഭ്യവുമാണ്. എന്നാൽ അധികമാർക്കുമറിയാത്ത ഒരുകാര്യമുണ്ട്. 1923-ൽ പുറത്തിറങ്ങിയ ഒന്നാം പതിപ്പ് പിന്നീട് പലതവണ പരിഷ്കരിക്കപ്പെട്ടു. പലതും ശബ്ദതാരാവലിയുടെ മേന്മ കുറക്കുന്ന രീതിയിലായിരുന്നു. ഉദാഹരണത്തിന്, ശബ്ദതാരാവലിയിലെ മിക്കവാറും എല്ലാ വാക്കുകൾക്കും ആ വാക്കിന്റെ പ്രയോഗം വ്യക്തമാക്കുന്ന ഒരു കവിതയുടെയോ കാവ്യത്തിന്റെയോ ഭാഗം ശ്രീകണ്ഠേശ്വരം തന്റെ കൃതിയിൽ നിവേശിച്ചിരുന്നു. രണ്ടു തലമുറയായി നമ്മൾ കാണുന്ന ശബ്ദതാരാവലിയിൽ അവ ഒഴിവാക്കിയിരിക്കയാണ്.

കൂട്ടലും കുറയ്ക്കലും ഇല്ലാത്ത, തനതുരൂപത്തിലുള്ള, രണ്ടായിരത്തി അഞ്ഞൂറ് പുറങ്ങളുള്ള, ശബ്ദതാരാവലി രണ്ടാം പതിപ്പ് വീണ്ടെടുത്തു ഓൺലൈനായി പൊതുസഞ്ചയത്തിൽ ലഭ്യമാക്കാനുള്ള പരിശ്രമത്തിലാണ് ഇപ്പോൾ സായാഹ്ന. ഒറിജിനലിനോട് ഒത്തുനോക്കി തെറ്റുകൾ തിരുത്തേണ്ടതിന് ഭാഷാസ്നേഹികളുടെ സഹായം ആവശ്യമുണ്ട്. തെറ്റുകൾ കാണുകയാണെങ്കിൽ തിരുത്തുകയോ മാർക്ക് ചെയ്യുകയോ ചെയ്യാവുന്നതാണ്. ചുരുങ്ങിയ സമയത്തിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി സഹകരിക്കുവാൻ സന്നദ്ധരായവരുടെ ഗ്രൂപ്പ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമ്മതമാണെങ്കിൽ താഴെ പറയുന്ന ലിങ്ക് വഴി sayahna ശബ്ദതാരാവലി എന്ന ഗ്രൂപ്പിലേക്ക് വരിക. സ്വയം പ്രരിചയപ്പെടുത്തുക.

https://chat.whatsapp.com/Firafz4OG2h4BkG5zYMeAL

സാമ്പിൾ പേജ് ഈ ലിങ്കിൽ:

http://books.sayahna.org/stv/stv-200-204.pdf

**സായാഹ്ന ടീം:** ജൂലൈ വരെയുള്ള ഫോൺ പതിപ്പുകളുടെ കാറ്റലോഗ്: http://books.sayahna.org/ml/pdf/releases-july-20.pdf.

**അഥിയ, കെ. പി.:** പ്രിയ സുഹൃത്തുക്കളെ,

നല്ല നമസ്കാരം

ഈ കോവിഡ് കാലത്ത് നമുക്കെല്ലാം വായന ഇത്രയും സുഗമമാക്കി തരുന്ന ബഹുമാന്യനായ ശ്രീ സി വി ആർ സാറിനും ശ്രീ ഹുസൈൻ സാറിനും ഒരായിരം ആശംസകൾ.

ഈ ലോകോത്തര സാഹിത്യങ്ങൾ നമ്മുടെ വിരൽത്തുമ്പുകളിലേക്കു എത്തിച്ചു തരുന്നതിനു ഒരു പാട്ട് നന്ദി. നന്ദി നന്ദി…

(ജൂലൈ 26 മുതൽ ആഗസ്റ്റ് 1 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.